## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 420 27.09.2016-ൽ മറുപടിയ്ക്ക്**

## സർക്കാർ ഓഫീസുകളിലെ വൈദ്യുതി പാഴാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി. കെ. മുരളി : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഓഫീസുകളിൽ വൈദ്യുതി ഉപയോഗം നിയന്ത്രി ക്കുന്നതിനായി ഓരോ ഓഫീസിലും ആവശ്യമായ വൈദ്യുതിയുടെ അളവ് നിർണ്ണയിച്ച്, അതനുസരിച്ച് വിതരണം ചെയ്യുന്ന തിനുള്ളനടപടികൾ സ്വീകരിക്കുമോ ; | (എ) ഓരോ സർക്കാർ ഓഫീസിലെയും ആവശ്യമായ വൈദ്യുതിയുടെ അളവ് നിർണ്ണയിച്ച്, അതനുസരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. എന്നാൽ വൈദ്യുതി സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ രൂപീകരിച്ചിട്ടുള്ള എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്)-ന് എനർജി ഓഡിറ്റ് നടത്തുന്നതിനുള്ള അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ വൈദ്യുതി ഉപഭോഗം കാര്യക്ഷമമാക്കുന്നതിന് ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) വൈദ്യുതി പാഴാക്കുന്ന ഓഫീസുകൾ ക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) വൈദ്യുതി പാഴാക്കുന്ന ഓഫീസുകൾക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

Hemalekha

സെക്ഷൻ ഓഫീസർ